**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 505** **13-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യിൽ വിവിധ സർക്കാർ ഏജൻസികളുടെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | 2016 ജൂൺ മുതൽ കെ.എസ്.എഫ്.ഇ.യിൽ വിജിലൻസ് ഉൾപ്പെടെ വിവിധ സർക്കാർ ഏജൻസികളുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; അന്വേഷണ ഏജൻസികൾ കണ്ടെത്തിയ ന്യൂനതകൾ എന്തെല്ലാം; | (എ) | 2020 നവംബർ 27 -ന് വിജിലൻസ് പരിശോധന നടന്നിട്ടുണ്ട്. ആയതിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | അന്വേഷണ റിപ്പോർട്ടിൽ ചൂണ്ടികാണിച്ച ന്യൂനതകൾ പരിഹരിക്കുവാൻ അധികൃതർ തയ്യാറായിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ; | (ബി) | 2020 നവംബർ 27 -ന് വിജിലൻസ് പരിശോധന നടന്നിട്ടുണ്ട്. ആയതിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) | പരസ്യത്തിനായി കെ.എസ്.എഫ്.ഇ. 2016 ജനുവരി മുതൽ നൽകിയ തുക എത്ര; വ്യക്തമാക്കുമോ; ഏതെല്ലാം ഏജൻസികൾക്കാണ് പരസ്യം നൽകിയത്; വ്യക്തമാക്കുമോ; | (സി) | പരസ്യത്തിനായി കെ.എസ്.എഫ്.ഇ. 2016 ജനുവരി മുതൽ 2020 ഡിസംബർ വരെ അഞ്ചു വർഷക്കാലത്തിൽ 47,33,30,142/- രൂപ നേരിട്ടും ഏജൻസികൾ മുഖേനയും നൽകിയിട്ടുണ്ട്. അച്ചടി, ഇലക്ട്രോണിക്സ്, മറ്റു മാധ്യമങ്ങൾ എന്നിവയിലെ പരസ്യങ്ങളിൽ ഉൾപ്പെട്ട വിവിധ ഏജൻസികളുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കെ.എസ്.എഫ്.ഇ.യുടെ ലോഗോയും ബോർഡിന്റെ നിറവും മാറ്റിയ ഇനത്തിൽ എത്ര തുക ചെലവായി; ബ്രാഞ്ച് തിരിച്ച് ലഭ്യമാക്കുമോ? | (ഡി) | കെ.എസ്.എഫ്.ഇ. യുടെ ലോഗോയും ബോർഡിന്റെ നിറവും മാറ്റിയ ഇനത്തിൽ 1,29,23,313/- രൂപ ചെലവായിട്ടുണ്ട്. ഇത് സംബന്ധിച്ച ബ്രാഞ്ച് തിരിച്ചുള്ള ചെലവ് വിവരങ്ങൾ അനുബന്ധം രണ്ടായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ